**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - നിലവിൽ പ്രാബല്യത്തിലുള്ള നിയമങ്ങളിൽ (Acts) കാലഹരണപ്പെട്ടതും, പ്രസക്തി നഷ്ടപ്പെട്ടതും, പരസ്പരവിരുദ്ധമായതുമായ വ്യവസ്ഥകൾ കണ്ടെത്തി സമഗ്രമായ അവലോകനവും ഭേദഗതികളും റദ്ദാക്കലും വരുത്തുന്നതിനുള്ള തുടർനടപടികൾക്ക് തത്വത്തിൽ അംഗീകാരം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ) വകുപ്പ്**

സ.ഉ.(കൈ)നം.102/2026/GAD തീയതി, തിരുവനന്തപുരം, 31-07-2026

---

**<u>ഉത്തരവ്</u>**

നിലവിൽ പ്രാബല്യത്തിലുള്ള നിരവധി നിയമങ്ങൾ പതിറ്റാണ്ടുകൾക്ക് മുമ്പ് അന്നത്തെ സാമൂഹിക, സാമ്പത്തിക, ഭരണപരമായ സാഹചര്യങ്ങൾ മുൻനിർത്തിയാണ് രൂപപ്പെടുത്തിയിട്ടുള്ളത്. നിയമം നിലവിൽ വന്ന സമയത്ത് അനുയോജ്യമായിരുന്ന പല വ്യവസ്ഥകളും ഇന്നത്തെ സാഹചര്യത്തിൽ നിക്ഷേപങ്ങളെ നിരുത്സാഹപ്പെടുത്തുകയോ ഭരണനടപടികളിൽ അനാവശ്യമായ സങ്കീർണ്ണതയും കാലതാമസവും സൃഷ്ടിക്കുകയോ ചെയ്യുന്നുണ്ട്. ചില സന്ദർഭങ്ങളിൽ ഒന്നിലധികം നിയമങ്ങൾ ഒരു ഭരണനടപടിയെ നിയന്ത്രിക്കുന്നതിനാൽ അവ തമ്മിൽ ആവർത്തനവും (Overlap), പരസ്പരവിരുദ്ധതയും (Contradiction), ഏത് നിയമമാണ് ബാധകമെന്ന ആശയക്കുഴപ്പവും ഉണ്ടാകുകയും, ഇത് അനാവശ്യമായ വ്യവഹാരങ്ങൾക്കും ഭരണപരമായ കാലതാമസങ്ങൾക്കും കാരണമാകുകയും ചെയ്യുന്നു. കേരളം ലളിതവും ഡിജിറ്റൽ സൗഹൃദവുമായ, വ്യവസായ-നിക്ഷേപ സൗഹൃദ നിയന്ത്രണ സംവിധാനത്തിലേക്ക് (Business-friendly Regulatory Environment) മാറിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ, ഭരണനിർദ്ദേശങ്ങളിലോ വകുപ്പുതല നടപടിക്രമങ്ങളിലോ മാത്രം പരിഷ്കരണം നടത്തുന്നത് മതിയാകില്ല എന്നതിനാൽ, അവയുടെ അടിസ്ഥാനമായ നിയമചട്ടക്കൂട് (Statutory Framework) കാലാനുസൃതമായി അവലോകനം ചെയ്ത് പുനഃക്രമീകരിക്കേണ്ടത് അനിവാര്യമാണ്.

2) 2026 ജനുവരി മുതൽ കേന്ദ്ര സർക്കാർ National Compliance Reduction and Deregulation Initiative നടപ്പിലാക്കി വരികയാണ്. ഈ സംരംഭത്തിന്റെ ഭാഗമായി സംസ്ഥാനങ്ങൾ റവന്യൂ, വ്യവസായം, തൊഴിൽ, നഗരവികസനം, പരിസ്ഥിതി തുടങ്ങിയ മേഖലകൾക്ക് മുൻഗണന നൽകി പരിഷ്കരണങ്ങൾ നടപ്പാക്കിവരുന്നു. ഈ പുരോഗതി

കേന്ദ്രസർക്കാർ നിരന്തരം അവലോകനം ചെയ്യുന്നുണ്ട്. ഇതിന്റെ ഭാഗമായി വിവിധ സംസ്ഥാനങ്ങൾ നിലവിലുള്ള നിയമ-നിയന്ത്രണ സംവിധാനങ്ങളിലും പരിഷ്കരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

3) നിയമങ്ങളുടെ തിരിച്ചറിയൽ (Identification), പരിശോധനയും മുൻഗണന നിശ്ചയിക്കലും (Screening and Prioritisation), നിയമഭേദഗതികളുടെ കരട് തയ്യാറാക്കൽ (Drafting), Legal Vetting, മന്ത്രിസഭയുടെയും നിയമസഭയുടെയും അംഗീകാരം എന്നീ ഘട്ടങ്ങൾ ഉൾപ്പെടുന്ന അവലോകന ചട്ടക്കൂടിലൂടെയാണ് ഇത് നടപ്പിലാക്കുന്നത്. കാലഹരണപ്പെട്ടതും അനാവശ്യവുമായ നിയന്ത്രണ വ്യവസ്ഥകൾ ഒഴിവാക്കുകയോ ലളിതമാക്കുകയോ ചെയ്യുക, പരസ്പരവിരുദ്ധ വ്യവസ്ഥകൾ ഏകോപിപ്പിക്കുക, ലളിതവും വ്യക്തവുമായ നിയമഭാഷ ഉപയോഗിക്കുക, ഭാവിയിലെ ആവശ്യങ്ങൾ മുൻനിർത്തി നിയമവ്യവസ്ഥകൾ രൂപപ്പെടുത്തുക എന്നിവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ. ഇതിലൂടെ നിയമചട്ടക്കൂട് കൂടുതൽ പരിഷ്കരിക്കപ്പെടുകയും, Ease of Doing Business മെച്ചപ്പെടുകയും, അനാവശ്യ കോടതിവ്യവഹാരങ്ങളും ഭരണപരമായ തർക്കങ്ങൾ കുറയുകയും ചെയ്യും.

4) ആയതിനാൽ നിലവിൽ പ്രാബല്യത്തിലുള്ള നിയമങ്ങളിൽ കാലഹരണപ്പെട്ടതോ, പ്രസക്തി നഷ്ടപ്പെട്ടതോ, പരസ്പരവിരുദ്ധമായതോ, നിലവിലെ സാമ്പത്തിക-ഭരണപരമായ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ലാത്തതോ ആയ വ്യവസ്ഥകൾ കണ്ടെത്തുന്നതിനായി സമഗ്രവും വ്യവസ്ഥാപിതവുമായ അവലോകനം നടത്തുന്നതിനും; ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിയമഭേദഗതി (Amendment), ഏകീകരണം (Consolidation), അല്ലെങ്കിൽ റദ്ദാക്കൽ (Repeal) എന്നിവയ്ക്കായുള്ള ബില്ലുകൾ തയ്യാറാക്കി നിയമവകുപ്പിന്റെ പരിശോധനയ്ക്ക് ശേഷം മന്ത്രിസഭയുടെയും നിയമസഭയുടെയും പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനും; ഓരോ വകുപ്പും തങ്ങളുടെ ഭരണനിയന്ത്രണത്തിലുള്ള നിയമങ്ങൾ പരിശോധിച്ച് അടിസ്ഥാനപരമായി ഒരേ ഭരണനടപടിയെ സംബന്ധിച്ച് രണ്ടോ അതിലധികമോ നിയമങ്ങൾ വ്യത്യസ്തമോ പരസ്പരവിരുദ്ധമോ ആയ നടപടിക്രമങ്ങൾ നിർദ്ദേശിക്കുന്ന സാഹചര്യങ്ങൾ പ്രത്യേകം തിരിച്ചറിഞ്ഞ് അവ പരിഹരിക്കുന്നതിനുവേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതിനും അംഗീകാരം നൽകി ഉത്തരവാകുന്നു. ഇതുമായി ബന്ധപ്പെട്ട സാങ്കേതിക സഹായം ഒരുക്കുന്നതിന് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

ബിശ്വനാഥ് സിൻഹ

ചീഫ് സെക്രട്ടറി

1. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി / സ്പെഷ്യൽ സെക്രട്ടറിമാർക്ക്.
2. എല്ലാ വകുപ്പ് മേധാവികൾക്കും / ജില്ലാ കളക്ടർമാർക്കും.
3. രജിസ്ട്രാർ, കേരള ഡിജിറ്റിൽ യൂണിവേഴ്സിറ്റി.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം.
5. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
6. ഡയറക്ടർ, വിവര-പൊതുസമ്പർക്ക വകുപ്പ്. (പ്രസിദ്ധീകരണത്തിനായി)
7. പൊതുഭരണ (എസ്.സി.) വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് കോപ്പി. (GAD-CPMD1/1/2026-GAD)

ഉത്തരവിൻ പ്രകാരം



സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ബഹു. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്.

എല്ലാ വകുപ്പ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക്.

ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, കോ-ഓർഡിനേഷൻ & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ, ചീഫ് സെക്രട്ടറിയുടെ കാര്യാലയം.